**കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ കൊടുവള്ളി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതിയുടെ ശുപാർശക്കുറിപ്പ്.**

**തിയ്യതി - 09/05/2018**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തലശ്ശേരി വില്ലേജിലെ കൊടുവള്ളി ലെവൽക്രോസിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെക്കുറിച്ച് **കയ്റോസ്,കണ്ണൂർ** എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി കണ്ണൂർ ജില്ലാ കലക്ടറുടെ 30/04/2018 തിയ്യതിയിലെ ഡിസികെഎൻആർ/9985/17/സി3 നടപടിക്രമ പ്രകാരം താഴെ ഒപ്പിട്ടവർ അംഗങ്ങളായി രൂപവൽക്കരിച്ച ഈ വിദഗ്ധ സമിതി 05/04/2018 തിയ്യതി ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് കണ്ണൂർ കലക്ടറേറ്റിൽ യോഗം ചേർന്നു. പഠന റിപ്പോർട്ടിലുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. തുടർന്ന് ഏറ്റെടുക്കുന്ന സ്ഥലം സന്ദർശിച്ചു. സ്ഥലം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയും ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതവും സ്ഥലം വിശദമായി പരിശോധിച്ച് മനസ്സിലാക്കുകയും ചെയ്തു. അതുപ്രകാരം കണ്ടെത്തിയ കാര്യങ്ങൾ 09/05/2018 തിയ്യതി ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് കണ്ണൂർ കലക്ടറേറ്റിൽ അന്തിമയോഗം ചേർന്ന് താഴെ ചേർത്ത പ്രകാരമുള്ള ശുപാർശകൾ സമർപ്പിക്കുന്നു.

1. തലശ്ശേരിയിൽ നിന്നും പിണറായി, മമ്പറം, അഞ്ചരക്കണ്ടി എന്നീ പ്രദേശങ്ങളിലേക്ക് എത്തിച്ചേരുന്നതിനു വേണ്ടിയാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് തലശ്ശേരി വില്ലേജിലെ വ്യത്യസ്ത സർവ്വെ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന 63.95 ആർ സ്ഥലം 22-ഓളം വ്യക്തികളിൽ നിന്നുമായി ഏറ്റെടുക്കുന്നത് നിലവിലുള്ള കൊടുവള്ളി റെയിൽവേ ഗേറ്റ് ദിവസം 60 തവണ ട്രെയിൻ പോകുന്നതിന് അടച്ചിടാറുണ്ടെന്നും ചുരുങ്ങിയത് 3 മണിക്കൂർ ഗേറ്റ് അടഞ്ഞുകിടക്കാറുണ്ടെന്നും പഠന റിപ്പോർട്ടിൽ കാണുന്നു. ഈ സമിതി സ്ഥലം പരിശോധിക്കുന്നതിനിടെ അരമണിക്കൂറിനുള്ളിൽ 3 തവണ ഗേറ്റ് അടച്ചിരുന്നു. മൊയ്തുപാലം നിർമ്മാണ സമയത്ത് ഭാരവാഹനങ്ങൾ ഈ ഗേറ്റ് വഴിയാണ് കണ്ണൂർ ഭാഗത്തേക്ക് കടത്തിവിട്ടിരുന്നത്. കൊടുംവളവും ചെങ്കുത്തായ ഇറക്കവും ഇരട്ട റെയിൽപാതകളും ഇതുവഴിയുള്ള ഗതാഗതം ദുസ്സഹമാക്കുമ്പോൾ ഇവയൊഴിവാക്കി സുഗമമായ യാത്രാസൌകര്യമൊരുക്കുന്നതിന് നിർദ്ദിഷ്ട റെയിൽവേ മേൽപ്പാല നിർമ്മാണം അത്യാവശ്യമാണ്. കൂടാതെ കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള നിർദ്ദിഷ്ട 4 വരി പാത ഇതു വഴിയാണ് കടന്നു പോകുന്നതെന്നും ആയത് സർക്കാർ പരിഗണനയിലുണ്ടെന്നുമറിയുന്നു. ആയതിനാൽ ഈ സ്ഥലമേറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണ്.
2. റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലം ടെക്നിക്കൽ കമ്മീഷൻ സാങ്കേതികമായി പരിശോധിച്ച് ഏറ്റവും യോജ്യമായതാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പകരം ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ല.
3. ആയിഷ പി.പി, അബ്ദുൾ റഹീം. പി.പി, ഡോ. അബ്ദുള്ള എന്നിവരുടെ വീടുകൾ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ട്. കമല.കെ.പിയുടെ വീട് ഭാഗികമായും ഏറ്റെടുക്കുന്നുണ്ട്. നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാക്കേണ്ടതാണെന്ന് ശുപാർശ

ചെയ്യുന്നു.

4. കമല.കെ.പിയുടെ വീടിന്റെ ഒരു മുറിയാണ് ഭാഗികമായി ഏറ്റെടുക്കുന്നതിൽപ്പെടുന്നത്. ഏറ്റെടുക്കുന്ന സ്ഥലം കഴിച്ച് ബാക്കി സ്ഥലം വീടിന്റെ മുൻവശത്ത് നിലവിലുള്ള ഹൈവേയ്ക്ക് സമീപം ഏറ്റെടുക്കാതെയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലം 3 മീറ്ററോളം തെക്കുഭാഗത്തേക്ക് അതായത് ഹൈവേയുടെ ഭാഗത്തേക്ക് മാറ്റിയാൽ വീട് ഏറ്റെടുക്കുന്നതിൽ നിന്ന് ഒഴിവാകുമെന്ന് കാണുന്നു. ഈ കാര്യം സാങ്കേതികമായി പരിശോധിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.
5. ഡോക്ടർ അബ്ദുള്ള, അഡ്വ. ഭാർഗ്ഗവൻപിള്ള, അബ്ദുൾ ബഷീർ എന്നിവരുടെ ബാക്കി സ്ഥലം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്ന് അർത്ഥനാധികാരിയായ ആർബിഡിസികെ അറിയിച്ചതായി പഠന റിപ്പോർട്ടിലുണ്ട്. അതുപോലെതന്നെ പരേതയായ കല്ല്യാണിയമ്മയുടെ അവകാശികളായ സുനിൽകുമാർ മുതൽ പേർ, ആയിശ.പി.പി, ഉസ്മാനിയ മരമില്ല് ഉടമകളായ അബ്ദുൾ ബഷീർ, അബ്ദുൾ ഷുക്കൂർ എന്നിവരുടേയും കൈവശത്തിൽ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കാത്തവിധം തുണ്ട് കൈവശസ്ഥലങ്ങൾ ബാക്കിയാവുന്നുണ്ട്. മേൽപ്പറഞ്ഞ തുണ്ട് കൈവശസ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിൽ ഉൾപ്പെടുത്താവുന്നതാണെങ്കിൽ ആ കാര്യം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.
6. ശ്രീധരൻ.സി, അബ്ദുള്ള.വി.കെ, സുനിൽകുമാർ.സി മുതൽ പേർ, റിയാസ്.എ ,സീനത്ത് എന്നിവരുടെ വീടിന് സമീപത്തുകൂടിയാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത്. ഈ സ്ഥലങ്ങളിൽ റോഡ് ഉയർത്തിയാണ് നിർമ്മിക്കുന്നതെങ്കിൽ അവരുടെ വീടിനു സമീപം സംരക്ഷണ ഭിത്തി നിർമ്മിച്ചുകൊടുക്കേണ്ടതുണ്ടെന്ന് ശുപാർശ ചെയ്യുന്നു.
7. നൌഫീദ, W/o. റഹീം.പി.പി എന്നവരുടെ വീടിനു മദ്ധ്യഭാഗത്തുകൂടിയാണ് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അടയാളം രേഖപ്പെടുത്തിക്കാണുന്നത്. ഇത് സർവ്വീസ് റോഡിനുൾപ്പെടെ വേണ്ടിയാണെന്ന് പഠന റിപ്പോർട്ടിൽ കാണുന്നു. ഇപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിന്റേയും നിലവിലുള്ള നാഷണൽ ഹൈവേയുടേയും ഇടയിൽ ഏറ്റെടുക്കാത്ത സ്ഥലം നീളത്തിൽ കിടപ്പുണ്ട്. ഈ സ്ഥലം ഏറ്റെടുത്താൽ മേൽപ്പറഞ്ഞവരുടെ വീട് ഏറ്റെടുക്കുന്നതിൽ നിന്നു് ഒഴിവാക്കുവാൻ സാധിക്കുന്നതാണോയെന്ന് സാങ്കേതികമായി പരിശോധിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.
8. പൊതു സമൂഹത്തിന്റെ ഉപയോഗത്തിനുള്ള കളിസ്ഥലങ്ങൾ, അംഗൻവാടി, ആരാധനാലയങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ എന്നിവ ഏറ്റെടുക്കുന്ന സ്ഥലത്തിൽ ഉൾപ്പെടാത്തതിനാൽ അത്തരം പൊതു ഇടങ്ങൾക്ക് ഈ പദ്ധതി മൂലം ആഘാതമില്ല. എന്നാൽ തപാൽ വകുപ്പ് വകയായുള്ള നെട്ടൂർ പോസ്റ്റ് ഓഫീസ് കെട്ടിടം ഏറ്റെടുക്കുന്നതിൽപ്പെടുന്നുണ്ട്. ആയതിന് കേന്ദ്ര തപാൽ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്. ഏറ്റടുക്കുന്ന സ്ഥലം കഴിച്ച് ബാക്കിയുള്ള സ്ഥലത്ത് തന്നെ പോസ്റ്റ് ഓഫീസ് നിർമ്മിക്കുകയാണെങ്കിൽ അത് പൊതുജനങ്ങൾക്ക് സൌകര്യപ്രദമായിരിക്കുന്നതാണ്.
9. കൊളശ്ശേരി, ഇല്ലിക്കുന്ന് ഭാഗങ്ങളിലേക്ക് പോകുന്ന ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ മേൽപ്പാലത്തിനു വേണ്ടി ഏറ്റെടുക്കുന്നതിൽപ്പെടുന്നുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുത്താലും പൈപ്പ് ലൈൻ ജനങ്ങൾക്ക് അസൌകര്യമില്ലാത്തവിധം വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്ഥാപിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.
10. ഏറ്റെടുക്കാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് അവരുടെ വീടുകളിലേക്ക് പോകുന്ന

റോഡും ചിറക്കക്കാവ്, കടുംബ ദേവസ്ഥാനം എന്നിവിടങ്ങളിലേക്കുള്ള റോഡും ഏറ്റെടുക്കുന്ന സ്ഥലത്തിൽപ്പെടുന്നുണ്ട്. സ്ഥലം ഏറ്റെടുത്താലും ഗതാഗത സൌകര്യം നിലനിർത്തണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ സ്വാഭാവിക വെള്ളമൊഴുക്ക് തടസ്സപ്പെടാത്ത നിലയിൽ നിലവിലുള്ള ഡ്രെയിനേജ് സൌകര്യം ഏർപ്പെടുത്തണമെന്നും ശുപാർശ ചെയ്യുന്നു.

11. വടവതി ഹോട്ടൽ, ഉസ്മാനിയ മരമിൽ എന്നിവ ഏറ്റെടുക്കുന്നതുമൂലമുള്ള തൊഴിലിനുള്ള ആഘാതം, വാടകക്കാരുടേയും മറ്റുള്ളവരുടേയും വരുമാനത്തിനുള്ള ആഘാതം, എന്നിവ പരിഹരിക്കുന്നതിനുള്ള പാക്കേജുകൾ R&R പോളിസി പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.
12. നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കുന്നത് മൂലം പരിസ്ഥിതിക്കോ കാർഷിക ഭൂമിക്കോ ആഘാതമില്ലെന്നുള്ള പഠന റിപ്പോർട്ടിനോട് യോജിക്കുന്നു.
13. തണ്ണീർത്തടനിർവ്വചനത്തിൽ ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ അനുമതി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞവയിലുള്ള വ്യക്തിഗത ആഘാതങ്ങൾ പരിഹരിച്ചാൽ കൊടുവള്ളി മേൽപ്പാലം നിർമ്മിക്കുന്നതുമൂലം പൊതുസമൂഹത്തിനുണ്ടാകുന്ന നേട്ടം വളരെ വിലപ്പെട്ടതാണ്. ആയതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കുന്നത് സമൂഹനന്മയ്ക്ക് വേണ്ടിയാണെന്നും ആയതിനാൽ ഇത് അത്യാവശ്യമായ നടപടിയാണെന്നും ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

ജിജി കൈപ്രത്ത്
സാമൂഹ്യശാസ്ത്രജ്ഞ

എം ഗോപി
സാമൂഹ്യശാസ്ത്രജ്ഞൻ

കെ സുനിൽ
വാർഡ് കൌൺസിലർ
തലശ്ശേരി നഗരസഭ

നജ്മ ഹാഷിം
വൈസ് ചെയർപേഴ്സൺ
തലശ്ശേരി നഗരസഭ

കെ. ശിവദാസ്
റിട്ട. പൊതുമരാമത്ത് വകുപ്പ്
അസി. എക്സി. എഞ്ചിനീയർ
പ്രൊജക്ടുമായി ബന്ധപ്പെട്ട
സാങ്കേതിക വിദഗ്ധൻ

രാജൻ. പി
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ധൻ

സി.എം. മുരളീധരൻ
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ധൻ ആന്റ്
ചെയർമാൻ, വിദഗ്ധ സമിതി